**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 573** **28-06-2022 - ൽ മറുപടിയ്ക്ക്**

**ചാത്തന്നൂരിലെ വ്യവസായ സമുച്ചയ നിർമ്മാണം.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ വ്യവസായ വകുപ്പിന് സ്വന്തമായുള്ള 4.3 ഏക്കർ ഭൂമിയിൽ ഒരു ബഹുനില വ്യവസായ സമുച്ചയം നിർമ്മിച്ച് ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ച് ജന പ്രതിനിധി നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. വ്യവസായ വാണിജ്യ ഡയറക്ടേറ്റിന്റെ ഉടമസ്ഥതയിൽ ചാത്തന്നൂർ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് പ്ലോട്ടിൽ മെ.വഞ്ചി ക്ലേ മൈൻസിന്റെ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമിയിൽ ഒരു വ്യവസായ സമുച്ചയം നിർമ്മിക്കണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട എം.എൽ.എ നൽകിയ നിവേദനം കൊല്ലം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർക്ക് ലഭിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ടി സ്ഥലത്തിന്റെ പ്രാഥമിക വിവരങ്ങൾ സർക്കാരിൽ ലഭ്യമാക്കിയിരുന്നു. |
| (ബി) | ഉണ്ടെങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (ബി) | പ്രസ്തുത നിവേദനത്തിന്മേലുള്ള തുടർ നടപടിക്കായി വ്യവസായ വാണിജ്യ ഡയറക്ടേറ്റിന്റെ ഉടമസ്ഥതയിലുള്ള ചാത്തന്നൂർ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് പ്ലോട്ടിലെ വ്യവസായ ഭൂമിയിൽ ഒരു ബഹുനില വ്യവസായ സമുച്ചയം നിർമിക്കുന്നതിന് റീ ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ